**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **10-03-2025 - ൽ മറുപടിയ്ക്ക്**

**മുള്ളരിങ്ങാട് ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള വനമേഖലകളിൽ ഫെൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മണ്ഡലത്തിലെ മുള്ളരിങ്ങാട് ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള വനമേഖലകളിൽ ഫെൻസിംഗ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. തൊടുപുഴ നിയോജകമണ്ഡലത്തിലെ മുള്ളരിങ്ങാട് റെയിഞ്ച് പരിധിയിൽ വരുന്ന ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള വന മേഖലകളിൽ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ചുള്ളിക്കണ്ടം മുതൽ എടത്തന വരെ 9.2 കി.മീ ഫെൻസിംഗ് നിർമ്മിക്കുന്നതിനും, MPLADS പദ്ധതിയിൽ ഉൾപ്പെടുത്തി അമേൽത്തൊട്ടി ഭാഗത്ത് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഇടുക്കി ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | മുള്ളരിങ്ങാട് മേഖലയിൽ ജനങ്ങൾക്ക് ഭീഷണിയാകുന്ന കാട്ടാനകൾ ജനവാസകേന്ദ്രങ്ങളിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മുള്ളരിങ്ങാട് റെയിഞ്ച് പരിധിയിൽ ജനങ്ങൾക്ക് ഭീഷണിയാകുന്ന കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ എത്താതിരിക്കുന്നതിന് ഇഞ്ചിപ്പാറ മുതൽ ചുള്ളിക്കണ്ടം വരെ 5 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചുള്ളിക്കണ്ടം സെക്ഷൻ പരിധിയിൽ NLP സ്കൂൾ ഭാഗത്തും അമേൽത്തൊട്ടി ഭാഗത്തും വിവിധ ഏജൻസികളുടെ സാമൂഹ്യ ഉത്തരവാദിത്ത ഫണ്ട് ലഭ്യമാക്കി AI ഫെൻസിംഗ് നിർമ്മിക്കുന്നതിന് ശ്രമം നടത്തി വരികയാണ്. MPLADS പദ്ധതിയിൽ ചുള്ളിക്കണ്ടം മുതൽ കിഴക്ക് ഭാഗത്തേക്ക് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഇടുക്കി ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ